LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വിജയാ ബാങ്ക് കവർച്ചാകേസ് ക്രൈം നമ്പർ 678/2015, ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ജാനകിയമ്മ വധക്കേസ് ക്രൈം നമ്പർ 979/15, കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കടിലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് കവർച്ച ക്രൈം നമ്പർ 649/15 ഉടങ്ങിയ നിരവധി കേസുകളിൽ സ്തുത്യർഹമായ നിലയിൽ സേവനം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ജില്ലാ പോലീസ് സൂപ്രണ്ട് ഡോ. ശ്രീനിവാസനും മറ്റ് പോലീസുദ്യോഗസ്ഥർക്കും കഴിഞ്ഞിട്ടുണ്ട്. മേൽക്കേസുകൾ തെളിയിച്ച പോലീസുദ്യോഗസ്ഥർക്ക് അർഹമായ ക്യാഷ് അവാർഡ് MSE/GSE എന്നിവ നൽകുന്നതിനുള്ള പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ പോലീസ് മേധാവിയും സംസ്ഥാന പോലീസ് മേധാവിയും പരിശോധിച്ചുവരികയാണ്. ഉടൻതന്നെ ബഹുമാനപ്പെട്ട തൃക്കരിപ്പൂർ അംഗം ശ്രീ. കുഞ്ഞിരാമൻ ഇവിടെ ചൂണ്ടിക്കാണിച്ച പാരിതോഷികങ്ങൾ അവർക്ക് സർക്കാർ നൽകുന്നതാണെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

11. ഉന്നതതല അന്വേഷണം

12.00 Noon

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, നടക്കാവ് പോലീസ് സ്റ്റേഷനിലെ മിടുക്കനായിരുന്ന പോലീസുദ്യോഗസ്ഥൻ ഷാജിയുടെ മരണം ബാലുശ്ശേരി നിർമ്മല്ലൂർ ഗ്രാമത്തെ ദു:ഖത്തിലാക്കിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മഹത്യാക്കുറിപ്പ് ഉത്കണ്ഠയുണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും എല്ലാ രാഷ്ട്രീയ, സാംസ്കാരിക, സർവ്വീസ് സംഘടനാ നേതാക്കളും തൊഴിലാളികളുമടക്കം ഈ വിവരമറിഞ്ഞ എല്ലാവരും ഈ ജനകീയ പോലീസുകാരനോട് മേലുദ്യോഗസ്ഥൻ സ്വീകരിച്ച നിലപാടിൽ അസ്വസ്ഥരാണ്. ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണം നടത്തണം. അദ്ദേഹത്തിന്റെ കുടുംബത്തിന് പ്രത്യേക ധനസഹായം പ്രഖ്യാപിക്കണം. ക്രിമിനലുകളോടുപോലും പോലീസിന്റെ സമീപനം മാറ്റണമെന്ന് പറയുന്ന വർത്തമാനകാലത്ത് കീഴുദ്യോഗസ്ഥനോട് ചൂരൽ പ്രയോഗം നടത്തുന്നവർക്ക് സ്വയം തിരുത്താൻ നിർദ്ദേശം നൽകണം. അങ്ങനെ മാതൃക കാണിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ പുരുഷൻ കടലുണ്ടി ഇവിടെ അവതരിപ്പിച്ച ഈ സബ്മിഷൻ വളരെ പ്രാധാന്യമുള്ള ഒന്നാണ്. ആത്മഹത്യ ചെയ്ത പോലീസുദ്യോഗസ്ഥന്റെ വീട് ഞാൻ സന്ദർശിച്ചിരുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകൾ സിവിൽ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിക്കുന്ന സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഇന്റഗ്രേറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

ചൈൽഡ് പ്രൊട്ടക്ഷൻ സ്കീമിന്റെ ഭാഗമായ 'Our Responsibility to Children (ORC)' എന്ന പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ വാട്ട്സ് ആപ് ഗ്രൂപ്പിലേയ്ക്ക് 26-11-2015-ന് ഉച്ചയ്ക്ക് 1.43 മണിയോടെ പ്രസ്തുത വാട്ട്സ് ആപ് ഗ്രൂപ്പിലെ അംഗമായ നടക്കാവ് പോലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ. 7125, ഷാജി തന്റെ മൊബൈൽ ഫോണിൽനിന്നും ഒരു അശ്ലീലചിത്രം അയച്ചതിന് പ്രസ്തുത വാട്ട്സ് ആപ് ഗ്രൂപ്പ് അഡ്മിനിസ്ട്രേറ്റർമാരിൽ ഒരാളായ രാജു പി. മേനോൻ ഒരു പരാതി അന്നേ ദിവസം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വാട്ട്സ് ആപ് ഗ്രൂപ്പിലെ മറ്റൊരംഗമായ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവി തന്റെ ഔദ്യോഗിക മൊബൈൽ ഫോണിലെ വാട്ട്സ് ആപ് ഗ്രൂപ്പ് മെസേജ് പരിശോധിച്ചുനോക്കി, പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ സീനിയർ സി.പി.ഒ. ഷാജിയെ ജില്ലാ പോലീസ് ഓഫീസിലേയ്ക്ക് വിളിച്ചുവരുത്തി അതിനെപ്പറ്റി അന്വേഷിക്കുകയും മെസേജ് അയച്ചത് ഷാജി തന്നെയാണെന്ന് ഉറപ്പുവരുത്തിയതിനെ തുടർന്ന് KPDIP&A ലിലെ നിബന്ധനകൾക്ക് വിധേയമായി ഷാജിയെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തു. 27-11-2015-ന് വൈകുന്നേരം 7.30-ന് മുമ്പുള്ള സമയത്ത് ഷാജി കോഴിക്കോട് ബാലുശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ പാറമുക്ക് എന്ന സ്ഥലത്തുള്ള തന്റെ വീട്ടിലെ ബെഡ്റൂമിലെ സീലിംഗ് ഫാനിൽ കെട്ടിത്തൂങ്ങി മരിക്കുകയാണുണ്ടായത്. അതിലേയ്ക്ക് CrPC 174-ാം വകുപ്പ് പ്രകാരം ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 717/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. തന്റെ ഫോണിലെ വാട്ട്സ് ആപ്പിൽനിന്നും സന്ദേശമയച്ചതിന്റെ പേരിൽ നേരിട്ട സസ്പെൻഷനും ഈ വിവരങ്ങൾ മുഴുവൻ പത്രമാധ്യമങ്ങളിൽ വന്നപ്പോൾ അയാൾക്കുണ്ടായ മാനസിക ആഘാതത്തെയും തുടർന്നാണ് തൂങ്ങി മരിച്ചതെന്നാണ് പ്രാഥമികമായി വെളിവായിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണം ബാലുശ്ശേരി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നടത്തിവരുന്നു. ഷാജിയുടെ മൊബൈൽ ഫോൺ കോടതി മുഖാന്തിരം എഫ്.എസ്.എൽ.-ലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ഉയർന്ന ഉദ്യോഗസ്ഥരടക്കം 51 പേർ അംഗങ്ങളായിട്ടുള്ള ഈ വാട്ട്സ് ആപ് ഗ്രൂപ്പിൽ 15 പേർ സ്ത്രീകളാണ്. ഈ വാട്ട്സ് ആപ് ഗ്രൂപ്പ് 3-9-2015-ൽ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറായ ശ്രീമതി ഷീബാ മുംതാസ് ആണ് ആരംഭിച്ചത്. വാട്ട്സ് ആപ് ഗ്രൂപ്പിലേക്ക് അശ്ലീലചിത്രം മൊബൈൽ ഫോൺ വഴി അയച്ചതായി കോഴിക്കോട് സിറ്റി പോലീസ് മേധാവിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടിയുണ്ടായിട്ടുള്ളത്. എന്നാൽ മൊബൈൽ ഫോണിലൂടെ ഈ മെസേജ്

തെറ്റായി അയച്ചുപോയതാണെന്നാണ് ഞാനവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ എന്നോട് പറഞ്ഞത്. അബദ്ധത്തിൽ അയച്ചുകഴിഞ്ഞതിനുശേഷം തെറ്റാണെന്ന് മനസ്സിലായപ്പോൾത്തന്നെ അത് പിൻവലിക്കുകയും ചെയ്തു. ഏതായാലും ഇത് സംബന്ധിച്ച് ജനങ്ങളുടെയിടയിൽ ആശങ്കയുണ്ടെന്ന് ശ്രീ. പുരുഷൻ കടലുണ്ടി ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഞാനവിടെ ചെന്നപ്പോൾത്തന്നെ അയ്യായിരത്തോളം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. അദ്ദേഹത്തിന്റെ ദുരവ്യോഗത്തിൽ ജനങ്ങൾക്ക് അത്രമാത്രം വികാരമുണ്ട് എന്നുള്ളത് ശരിയാണ്. അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പിഞ്ചുകുട്ടികളും മാത്രമാണ് ആ വീട്ടിലുള്ളത്. ഈ ഉദ്യോഗസ്ഥനെപ്പറ്റി പൊതുവെ നല്ല അഭിപ്രായമാണ് അവിടെ എല്ലാവർക്കുമുള്ളത്. ഏതായാലും പോലീസ് ലഭ്യമാക്കിയ റിപ്പോർട്ട് മാത്രമായി ഞാൻ പരിഗണിക്കുന്നില്ല. ഇതുസംബന്ധിച്ച് അപ്പോൾത്തന്നെ നോർത്ത് എ.ഡി.ജി.പി. ശ്രീ. നിതിൻ അഗർവാളിനോട് റിപ്പോർട്ട് നൽകാൻ പറഞ്ഞിട്ടുണ്ട്. "റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എന്തുവേണമെന്ന് ഗവൺമെന്റ് തീരുമാനിക്കും. വളരെ ദുഃഖകരമായ ഒരു സംഭവമാണിത്; ഒരിക്കലും നീതീകരിക്കാൻ കഴിയുന്നതല്ല. ഒരു സംഭവമുണ്ടായാൽ ചിലപ്പോൾ പോലീസിന് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യേണ്ടി വരും. അത് പോലീസിൽ വേണ്ടിവരുന്ന കാര്യമാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ എല്ലാവരും ആത്മഹത്യ ചെയ്യാൻ തുടങ്ങിക്കഴിഞ്ഞാൽ ഒന്നിനും പരിഹാരമാകില്ല. പക്ഷേ ഈ സംഭവത്തെ അങ്ങനെയൊരു ലാഘവത്തോടുകൂടി കാണാൻ കഴിയില്ല. അവിടെ ജനങ്ങൾ മാധ്യമങ്ങളെവരെ ബഹിഷ്കരിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങളെത്തി. വളരെയധികം സെൻസിറ്റീവായ വിഷയമാണിത്. ഏതായാലും റിപ്പോർട്ട് ലഭിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. ആത്മഹത്യ ചെയ്താൽ സാധാരണഗതിയിൽ ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം നൽകാറില്ല. എന്നാലും ഇതൊരു പ്രത്യേക കേസായി എങ്ങനെ കാണാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നതാണ്.

12. ചന്ദ്രബോസ് വധക്കേസ്

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, വളരെയധികം പ്രതിഷേധത്തോടെയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെ വിവാദമായ, കേരളം മുഴുവൻ ശ്രദ്ധിച്ച ഒരു കൊലപാതകം തൃശ്ശൂരിൽ നടന്നു. ഒരു സെക്യൂരിറ്റി ജീവനക്കാരനെ ഒരു വിവാദ വ്യവസായി വണ്ടിയിടിച്ചും ചവിട്ടിയും കുത്തിയും കൊലപ്പെടുത്തിയ സംഭവം കേരളം മുഴുവൻ ചർച്ച ചെയ്തതാണ്. തൃശ്ശൂർ സെഷൻസ് കോടതിയിലാണ് ഈ കേസിന്റെ വിചാരണ നടന്നുകൊണ്ടിരുന്നത്. കോളിളക്കം സൃഷ്ടിച്ച

LIBRARY ARCHIVES Kerala Legislative Assembly